# സ്നിഗ്ദരായ മോർ യൗസേബിയോസും, ആനാത്തോലിയോസും
# Mor Eusebious and Mor Anatholios the Friends

ജനത്തിന്റെ അദ്ധ്യക്ഷന്മാർ ജനങ്ങളാൽ തന്നെ തിരഞ്ഞെടുക്കപ്പെടുന്ന പല സന്ദർഭങ്ങളും സഭാ ചരിത്രത്തിലുണ്ട്. ജനനായകത്വം പലപ്പോഴും അർത്ഥപൂർണ്ണമാകുന്നത്. ലാവോദോക്യാ സഭയുടെ (Laoaicea) അദ്ധ്യക്ഷന്മാരായിരുന്ന മോർ യൗസേബിയോസും (Eusatius) ആനാത്തോലിയോസും (Anatolius) അപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സഭാദ്ധ്യക്ഷൻമാർക്ക് ഉദാഹരണങ്ങളാണ്.

വി. യൗസേബിയോസ് പുരാതന ഈജിപ്റ്റിലെ പ്രധാന നഗരമായ അലക്സാന്ദ്രിയായിൽ ജനിച്ചു അവിടത്തെ പ്രാദേശിക വിദ്യാലയത്തിൽ ചേർന്ന് പഠിക്കുകയും തത്വജ്ഞാനത്തിലും, നീതി-ശാസ്ത്ര വിഷയങ്ങളിലും അറിവ് സമ്പാദിച്ചു. തുടർന്ന് അദ്ദേഹം ലോക പ്രശസ്തമായ അലക്സാന്ദ്രിയൻ പഠനശാലയിൽ ചേരുകയും അവിടെ നിന്ന് സഭാവിജ്ഞാനീയത്തിലും, അവൈദീക ജ്ഞാനസമുച്ചയങ്ങലിളും നല്ല വ്യുൽപത്തി നേടി.

ഇതേ സമയത്ത് തന്നെയാണ് വി. ആനാത്തോലിയോസ് അലക്സാന്ദ്രിയായിൽ ജനിക്കുന്നതും പ്രാധമിക പഠനങ്ങൾക്ക് ശേഷം അലക്സാന്ദ്രിയൻ പഠനശാലയിൽ ദൈവശാസ്ത്രവും സഭാവിജ്ഞാനവും പഠിക്കുവാൻ ആരംഭിക്കുന്നത്. ഇത് ഇരുവരുടേയും വ്യക്തി ജീവിതത്തിൽ ഒരു നല്ല സൗഹൃദം സ്ഥാപിക്കുവാൻ ഇടയാക്കി. മതപരമായ പഠനങ്ങൾക്ക് ഒപ്പം തന്നെ സമാന്യ കലകളിലും (Liberal Arts), പ്രായോഗിക ജ്ഞാനത്തിലും (Practical Wisdom) ആനാത്തോലിയോസ് മുന്നിട്ടു നിന്നു.

ക്രിസ്തുവർഷം 257 ൽ വലേറിയൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ മതപീഢനം ആരംഭിച്ചു. അന്നത്തെ അലക്സാന്ദ്രിയൻ പാത്രിയർക്കീസായ വി. ദിവന്നാസ്യോസ് നാടുകടത്തപ്പെട്ടു. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ സഭയുടെ കാര്യങ്ങൾ നോക്കിനടത്തിയത് വി. യൗസേബിയൂസ് ആയിരുന്നു. ആന്മാർത്ഥതയുടേയും, സേവനത്തിന്റെയും പ്രതിരൂപമായിരുന്ന അദ്ദേഹത്തിന്റെ സാമർത്ഥ്യം തിരിച്ചറിയുവാൻ അധികകാലം വേണ്ടിവന്നില്ല. കേവലം ഒരു ശെമ്മാശ്ശനായിരിക്കെ, എ.ഡി. 264 ൽ അദ്ദേഹം അന്ത്യോഖ്യായിലേക്ക് അയക്കപ്പെട്ടു. ശ്മീശത്തുകാരൻ പൗലോയേവിരോധിക്കുവാനാണ് ആ സുന്നഹദോസ് കൂട്ടപ്പെട്ടത്.

പ്രസ്തുത സുന്നഹദോസ് നടക്കുമ്പോഴാണ് ലവോദോക്യായിലെ സഭാ അദ്ധ്യക്ഷൻ കാലം ചെയ്യുന്നത്. സുന്നഹദോസിനെ തുടർന്ന് വി.യൗസേബിയൂസ് ശെമ്മാശൻ തിരികെ വരുമ്പോൾ ലവാദോക്യയിൽ എത്തിച്ചേരുകയും അവിടുത്തെ ജനങ്ങൾ അദ്ദേഹത്തെ കണ്ടുമുട്ടുകയും ചെയ്തു. ശെമ്മാശന്റെ ജ്ഞാനത്തെ തിരിച്ചറിഞ്ഞ ജനം അദ്ദേഹത്തെ എപ്പിസ്ക്കോപ്പയായി തിരഞ്ഞെടുക്കകയും പിന്നീട് അദ്ദേഹം ലാവോദോക്യ സഭയുടെ അധിപനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ശുശ്രൂഷ കാലയളവിൽ താൻ പതിവായി രോഗികളെ സന്ദർശിക്കുകയും, അവർക്ക് വേണ്ടുന്ന മരുന്നുകളും ആഹാരവും നൽകുയും ചെയ്തു. ആതുരശുശ്രൂഷാ രംഗത്ത് അദ്ദേഹത്തിന്റെ സേവനം അലക്സാന്ദ്രിയൻ സഭ ആവോളം ആസ്വദിച്ചു.

ശ്മീശത്തുകാരൻ പൗലോയെ സംബന്ധിച്ച് കൂടുതൽ പരാതികൾ, ലഭിച്ചതോടെ വി. സഭ അയാളെ പുറത്താക്കുവാൻ തീരുമാനിച്ചു. ഇതിനായി എ.ഡി. 270 അന്ത്യോഖ്യായിൽ രണ്ടാം സുന്നഹദോസ് നടത്തപ്പെട്ടു. വി. യൗസേബിയോസ് അതിൽ പങ്കെടുത്തു. സമ്മേളന സ്ഥലത്ത് വച്ച് അദ്ദേഹം തന്റെ പഴയ സുഹൃത്തായ ആനാത്തോലിയോസിനെ കണ്ടുമുട്ടി. തന്റെ സാമർത്യവും, ദൈവാനുഗ്രഹവും കൊണ്ട് കേസര്യായിലെ സഭാധിപന്റെ വിശ്വസ്തനായി പ്രവർത്തിക്കുകയായിരുന്നു ആനാത്തോലിയോസ് എ.ഡി. 269 ൽ അദ്ദേഹത്തെ മെത്രാപ്പോലീത്തയുടെ സഹവികാരിയായി നിയമിച്ചിരുന്നു. അതിനാലാണ് കേസര്യായിലെ എപ്പിസ്ക്കോപ്പോയ്ക്കൊപ്പം അദ്ദേഹം 2-ാം അന്ത്യോഖ്യ സുന്നഹദോസിൽ പങ്കെടുത്തത്.

തന്റെ ചിരകാല സുഹൃത്തിനെ അവിടെ വിട്ടിട്ട് തിരിച്ചു പോകുവാൻ വി. യൗസേബി യൂസിന്റെ മനസ്സ് ആഗ്രഹിച്ചില്ല. അദ്ദേഹം വി. ആനാത്തോലിയോസിനെയും കൂട്ടികൊണ്ട് ലാവോദോക്യായിൽ തിരിച്ചെത്തി. ജനം അത്യാനന്ദത്തോടെ ഇരുവരേയും സ്വീകരിച്ചു. കാലാന്തരത്തിൽ വി. യൗസേബിയൂസ് നിത്യ രാജ്യത്തിലേക്ക് കടന്നുപോയി. വിശ്വാസികൾ വി. ആനാത്തോലിയോസിനെ അദ്ദേഹത്തിന്റെ പിൻഗാമിയായി സ്വീകരിച്ചു.

പെസഹാ ആചരണത്തെ സംബന്ധിച്ചുണ്ടായ ചില പ്രശ്നങ്ങൾ പരിഹരിക്കുവാൻ വി. ആനാത്തോലിയോസ് ധാരാളം ശ്രമങ്ങൾ നടത്തിയതായി കാണുന്നു. കൂടാതെ ധാരാളം പ്രബന്ധങ്ങളും, ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചു. സുഹൃത്തുക്കളായ ഈ വിശുദ്ധരുടെ പ്രാർത്ഥന നമുക്ക് അഭയവും കോട്ടയും ആകട്ടെ!

***Compiled by Dn. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***